പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1232 **15-10-2026-ൽ മറുപടിയ്ക്ക്**

കൂടെ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. ടി. ബൽറാം

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. ദീപക് ജോയ്

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ തുടർച്ചയായി ഹാജരാകാത്ത കുട്ടികളെ തിരികെ എത്തിക്കുന്നതിനായുള്ള 'കൂടെ പദ്ധതി' ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: ഉണ്ട്. സംസ്ഥാനത്തെ സ്കൂളുകളിൽ തുടർച്ചയായി ഹാജരാകാതിരിക്കുന്ന കുട്ടികളെ തിരികെ എത്തിക്കുന്നതിനായി 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ് 'കൂടെ' (Zero Dropout Mission).

(ബി) സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയാണോ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; കുടുംബ സാഹചര്യം മനസ്സിലാക്കി കുട്ടികളെ തിരികെ സ്കൂളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനം നടത്തുമോ; വ്യക്തമാക്കുമോ;

മറുപടി: അതെ. സംസ്ഥാനത്തെ സ്കൂളുകളിൽ തുടർച്ചയായി ഹാജരാകാതിരിക്കുന്ന കുട്ടികളെ തിരികെ എത്തിക്കുന്നതിനായി 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ് "കൂടെ" (Zero Dropout Mission). ഉദ്ഘാടനം നിർവഹിച്ച അന്നേ ദിവസം തന്നെ എല്ലാ ജില്ലകളിലും 'drop out' ആയി കണ്ടെത്തിയ കുട്ടികളുടെ വീടുകൾ സന്ദർശിക്കുന്നത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ കുടുംബസാഹചര്യങ്ങൾ മനസ്സിലാക്കി, ആവശ്യമായ ഇടപെടലുകളിലൂടെ അവരെ തിരികെ സ്കൂളിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി നടത്തിവരുന്നു.

(സി) ജനപ്രതിനിധികൾ, വിദ്യാഭ്യാസ ഓഫീസർമാർ, സ്കൂൾ അധികൃതർ, പി.ടി.എ. പ്രതിനിധികൾ എന്നിവർ ഇത്തരം കുട്ടികളുടെ വീട് സന്ദർശിക്കുന്നതടക്കമുള്ള പരിപാടികൾ ഇതിന്റെ ഭാഗമായി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

മറുപടി: ഉണ്ട്. ഉദ്ഘാടനം നിർവഹിച്ച അന്നേ ദിവസം തന്നെ എല്ലാ ജില്ലകളിലും 'drop out' ആയി കണ്ടെത്തിയ കുട്ടികളുടെ വീടുകൾ സന്ദർശിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതാത് സ്ഥലങ്ങളിൽ ജനപ്രതിനിധികൾ, വിദ്യാഭ്യാസ ഓഫീസർമാർ, സ്കൂൾ അധികൃതർ, പി.ടി.എ പ്രതിനിധികൾ, സമഗ്രശിക്ഷാ പ്രതിനിധികൾ, എസ്.ടി പ്രൊമോട്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ

കുട്ടികളുടെ വീട് സന്ദർശിച്ചാണ് കുട്ടികളെ തിരികെ സ്കൂളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനം നടത്തുന്നത്.

സെക്ഷൻ ഓഫീസർ